LIBRARY ARCHIVES Kerala Legislative Assembly

എസ്. സി. പ്രൊമോട്ടർ മാരുടെ സേവന കാലയളവ്

225 (3661) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല നഗരസഭാ പരിധിയിലുള്ള എസ്.സി. പ്രൊമോട്ടർമാരുടെ സേവന കാലയളവ് നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ ;

(ബി) പഞ്ചായത്ത് പരിധിയിൽ എസ്. റ്റി. പ്രൊമോട്ടർമാരുടെ കാലയളവ് ഇരുപതും അതിൽ കൂടുതലും വർഷങ്ങളായിരിക്കുമ്പോൾ മുനിസിപ്പൽ പ്രദേശത്ത് എസ്.സി. പ്രൊമോട്ടർമാരുടെ സേവന കാലയളവ് ഇപ്രകാരം നിശ്ചയിക്കുവാൻ കാരമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരസഭ വ്യത്യാസമില്ലാതെ എസ്.സി. പ്രൊമോട്ടർമാരെ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ഇതുസംബന്ധിച്ചുള്ള 20-8-2001-ലെ 12003/ബി3/2001/പ.ജ പ.വ.വി. നമ്പർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ ഓരോ വർഷവും ഒരു ദിവസം വീതം സർവ്വീസ് ബ്രേക്ക് നൽകി അവരുടെ പ്രവർത്തനം വിലയിരുത്തി മൂന്ന് വർഷക്കാലത്തേയ്ക്ക് മാത്രമാണ് പുനർനിയമനം നൽകുന്നത്. ഇതു സംബന്ധിച്ച 19-11-2014-ലെ സ.ഉ.(കൈ.) നമ്പർ 84/2014/പ.ജ.പ.വ.വി.വ. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ പദ്ധതി

226 (3662) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗദി സർക്കാരിന്റെ നിതാഖത് നിയമംമൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രത്യേക സ്വയം തൊഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നിതാഖത്ത് നിയമംമൂലം സൗദി അറേബ്യയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്ന മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കായി കെ.എസ്.ബി.സി.ഡി.സി. പ്രത്യേക സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

(ബി) നിതാഖത്ത് നിയമംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്ന മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ജീവിതമാർഗ്ഗം ഉണ്ടാക്കുന്നതിനായി സ്വയംതൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് പലിശ കുറഞ്ഞ വായ്പ ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) വരുമാനദായകമായതും നിയമപരമായി നടത്താൻ കഴിയുന്നതുമായ തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ അനുവദിച്ചിരുന്നു.

(ഡി) 3% പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപയാണ് വായ്പ അനുവദിച്ചിരുന്നത്.

വ്യാജ ജാതി സർട്ടിഫിക്കറ്റ്

227 (3663) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി നേടിയത് സംബന്ധിച്ചുള്ള പരാതികളിൽ എത്ര പേരുടെ കാര്യത്തിൽ കിർത്താഡ്സ് തീരുമാനമെടുത്തിട്ടുണ്ട് ;

(ബി) എത്ര പരാതികളിൽ സർട്ടിഫിക്കറ്റിലെ ജാതി വ്യാജമെന്ന് തെളിഞ്ഞിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly